**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3123 — 21/06/2013-ൽ മറുപടിയ്ക്ക്

## പച്ചക്കറി വില വർദ്ധനവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | **കെ.പി.മോഹനൻ** (ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |

എ) പൊതു വിപണിയിൽ പച്ചക്കറിയുടെ വില ക്രമാതീതമായി വർദ്ധിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

എ) ശ്രദ്ധയിൽ പെട്ടിട്ടുണ്ട്

ബി) ഉണ്ടെങ്കിൽ പച്ചക്കറി വില നിയന്ത്രി- ക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

ബി) വിപണിയിൽ പച്ചക്കറികളുടെ വില ക്രമാതീതമായി ഉയരുമ്പോൾ കൃഷി വകുപ്പിന്റെ " മാർക്കറ്റ് ഇന്റർവെൻഷൻ ഫോർ പ്രൈസ് സ്റ്റെബിലൈസേഷൻ " പദ്ധതി പ്രകാരം ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ എന്നീ ഏജൻസികൾ മുഖാന്തിരം വിപണി ഇടപെടൽ നടത്തുന്നു.

ഇത്തരത്തിൽ 2012 മേയ് മാസം മുതൽ ആഗസ്റ്റ് മാസം വരെയും 2012 ഡിസംബർ 2013 ജനുവരി മാസങ്ങളിലും പ്രസ്തുത ഏജൻസികളുടെ ചില്ലറ വില്പനശാലകളിലൂടെ വിപണി വിലയെക്കാൾ 30% വരെ വില കുറച്ച് പച്ചക്കറി വിപണനം നടത്തിയിട്ടുണ്ട്. പച്ചക്കറി വില്പന നടത്തിയതിന്റെ സബ്സിഡിയായി " മാർക്കറ്റ് ഇന്റർവെൻഷൻ ഫോർ പ്രൈസ് സ്റ്റെബിലൈസേഷൻ " പദ്ധതി 2012-13 പ്രകാരം 1133.54 ലക്ഷം രൂപ ഹോർട്ടിക്കോർപ്പിനും 560 ലക്ഷം രൂപ വി.എഫ്.പി.സി.കെ യ്ക്കും അനുവദിച്ച് നൽകിയിട്ടുണ്ട്. 2013 ജൂൺ മാസത്തിൽ പച്ചക്കറിയിനങ്ങൾക്കുണ്ടായിരുന്ന വില വർദ്ധനവിന് പരിഹാരമായി ഹോർട്ടികോർപ്പ് റീട്ടെയിൽ സ്റ്റാളുകളിലൂടെ 30% വരെ വില കുറച്ച് വില്പന നടത്തി വിപണി ഇടപെടൽ ആരംഭിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| സി) | പച്ചക്കറികളും, പഴങ്ങളും കേടാകാതിരിക്കാൻ മാരകമായ രാസ പദാർത്ഥങ്ങൾ ഉപയോഗിക്കുന്നത് തടയാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്: വിശദാംശങ്ങൾ വ്യക്തമാക്കുമോ? | സി) | പഴം പച്ചക്കറികളിൽ കീടനാശിനികളുടെ അളവ് പരിശോധിച്ച് അവ ഭക്ഷ്യസുരക്ഷിതമാണ് എന്ന് ഉറപ്പാക്കുന്നതിനായി 50 ലക്ഷം രൂപ ചെലവിൽ കേരള കാർഷിക സർവ്വകലാശാലയുമായി ചേർന്ന് കൃഷി വകുപ്പ് " Safe to eat Vegetable "എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. പച്ചക്കറികളുടെയും പഴങ്ങളുടെയും സാമ്പിളുകൾ മാർക്കറ്റിൽ നിന്നും കർഷകരുടെ കൃഷിയിടങ്ങളിൽ നിന്നും ശേഖരിച്ച് അതിൽ കീടനാശിനിയുടെ അവശിഷ്ട വിഷവീര്യ പരിശോധന നടത്തുകയും അവ ഭക്ഷ്യ സുരക്ഷിതമാണോ എന്ന് ഉറപ്പ് വരുത്തുകയുമാണ് ചെയ്യുന്നത്. നിലവിൽ തിരുവനന്തപുരം ജില്ലയിൽ ഈ പദ്ധതി നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്. ഇതനുസരിച്ച് അപകടകരമായ തോതിൽ വിഷാംശം കാണുന്നത്. വിഷാംശം കുറവുള്ളത് തീർത്തും വിഷരഹിതം എന്നീ രീതിയിൽ പച്ചക്കറികൾ തരം തിരിച്ച് വിഷരഹിതമായ Safe to eat എന്ന ബ്രാൻഡിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കി വരുന്നു. ഒപ്പം വിവിധ മാദ്ധ്യമങ്ങളിലൂടെയും, വെബ്സൈറ്റ് വഴിയും പച്ചക്കറികളിലെ വിഷവീര്യം ഇല്ലാതാക്കുന്നതിനായി സ്വീകരിക്കേണ്ട മാർഗ്ഗങ്ങളും പൊതുജന താല്പര്യാർത്ഥം പ്രചരിപ്പിച്ചുവരുന്നുണ്ട്. കർഷകരുടെ ഇടയിൽ ജൈവ കൃഷി രീതിയും പ്രചരിപ്പിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**